File No.LSGD-EPB3/459/2015-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ മുൻ എൽ.ഡി. ക്ലാർക്ക് ശ്രീ. ഷവീൺ, മുൻ സീനിയർ ക്ലാർക്ക് ശ്രീ. കെ.വി. പ്രദീപ് എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2089/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/11/2020

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 14.07.2015-ലെ ഇ13-20008/2015 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 22.08.2015-ലെ 9205/ഡി2/2015/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 03.03.2016-ലെ 459/ഇപിബി3/2015/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. ഷവീൺ, ശ്രീ. കെ.വി. പ്രദീപ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 21.05.2019-ലെ PAN/2366/2019-D9(DP) നമ്പർ കത്ത്

6 കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 14.05.2019-ലെ കെഎൻആർ/786/2019-സി2 നമ്പർ കത്ത്

ഉത്തരവ്

കാസർഗോഡ് ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കെതിരായ പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ ഉളിക്കൽ ടൗൺ വാർഡിലെ വാർഡ് നം. UGP IX-108 (പഴയത്) XI - 680 (പുതിയത്) എന്ന കെട്ടിടത്തിന് വ്യാപാര ലൈസൻസിന് വേണ്ടി ഉടമയുടെ സമ്മതപത്രം ഇല്ലാതെ അന്വേഷണം നടത്തി 2013-14 വർഷത്തെ ലൈസൻസ് പുതുക്കി നൽകാവുന്നതാണെന്ന് ശുപാർശ ചെയ്ത ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ എൽഡി. ക്ലാർക്കായ ശ്രീ. ഷവീൺ, സീനിയർ ക്ലാർക്കായ ശ്രീ. കെ.വി. പ്രദീപ് എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്കെതിരെ പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു

ശ്രീ. കെ.വി. പ്രദീപ് ടി കുറ്റപത്രത്തിന് സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാൻ 28.07.2013-ൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച് ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചതാണെന്നും, കാലാകാലങ്ങളായി പുതുക്കി വരുന്ന ലൈസൻസാണെന്ന വാർഡ് ക്ലാർക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സെക്ഷൻ ക്ലാർക്ക് എന്ന നിലയിൽ ലൈസൻസ് പുതുക്കി നൽകുന്നതിന് ശുപാർശ നൽകിയതെന്നും, ടി പഞ്ചായത്തിൽ പുതുതായി ലൈസൻസിന് അപേക്ഷ സമർപ്പിക്കുമ്പോൾ മാത്രമേ കെട്ടിട ഉടമയുടെ സമ്മത പത്രം വാങ്ങാറുള്ളൂ എന്നും മനഃപൂർവമല്ലാത്ത സംഭവിച്ച കുറ്റത്തിൽ നിന്ന് ടിയാനെ കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. ശ്രീ. ഷവീൻ.കെ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ചെറിയ കോമൊത്തു രാജീവൻ എന്നവരുടെ ഉടമസ്ഥതയിലുള്ള 09/108 നമ്പർ കെട്ടിടത്തിൽ ശ്രീ. സുരേഷ്ബാബു സി.കെ എന്നവർ ഓറിയന്റൽ ബേക്കറി എന്ന സ്ഥാപനം നടത്തുന്നതിനുള്ള ലൈസൻസ് പുതുക്കി നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ടി അപേക്ഷയിൽ ഫീൽഡ് തല

അന്വേഷണത്തിന് ചുമതലപ്പെട്ട ക്ലാർക്കായ ടിയാൻ കെട്ടിട ഉടമയോട് സംസാരിച്ചിരുന്നുവെന്നും യാതൊരു ആക്ഷേപവുമില്ലായെന്ന കെട്ടിട ഉടമ വാക്കാൽ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് പുതുക്കി നൽകുന്നതിന് ശുപാർശ നൽകിയതെന്നും, 09/108 നമ്പർ കെട്ടിടത്തിൽ നിലവിലും ശ്രീ. സുരേഷ്ബാബു.സി.കെ എന്നവർ കെട്ടിട ഉടമയുടെ സമ്മതത്തോടെ കച്ചവടം നടത്തുന്നതിനുള്ള ലൈസൻസ് പുതുക്കി കച്ചവടം നടത്തി വരുന്നതായും മനഃപൂർവമല്ലാത്ത കുറ്റത്തിൽ നിന്ന് ടിയാനെ വിമുക്തനാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

കുറ്റപത്രത്തിന് ശ്രീ. ഷവീൺ, ശ്രീ. കെ.വി. പ്രദീപ് എന്നിവർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തിയതിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ ഉളിക്കൽ ടൗൺ വാർഡിലെ 09/108 നമ്പർ കെട്ടിടത്തിൽ ശ്രീ.സുരേഷ്ബാബു സി.കെ. വർഷങ്ങളായി ലൈസൻസോടുകൂടി കച്ചവടം നടത്തി വരുന്നതാണെന്നും, 2013-14 വർഷം പ്രസ്തുത ലൈസൻസ് പുതുക്കി നൽകുന്നതിനാണ് ശ്രീ.ഷവീൺ.കെ, ശ്രീ.കെ.വി.പ്രദീപ് എന്നിവർ ശുപാർശ നല്കിയിരുന്നതെന്നും, നിലവിലും ശ്രീ.സുരേഷ്ബാബു സി.കെ. എന്നവർ കെട്ടിട ഉടമയുടെ സമ്മതത്തോടെ കച്ചവടം നടത്തുന്നതിനുള്ള ലൈസൻസ് പുതുക്കി കച്ചവടം നടത്തി വരുന്നതായി ബോധ്യപ്പെട്ടിട്ടുള്ളതായും, 1994-ലെ കേരള മുൻസിപ്പൽ ആക്ട് സെക്ഷൻ 492(3) പ്രകാരം വാടകക്കാരൻ ആദ്യമായി ലൈസൻസിന് അപേക്ഷിക്കുന്ന സമയം മാത്രമേ കെട്ടിട ഉടമയുടെ സമ്മതപത്രം ആവശ്യമുള്ളുവെന്നും 1965-ലെ കേരള ബിൽഡിംഗ് (ലീസ് ആൽഡ് കൺട്രോൾ) ആക്ട് പ്രകാരം ഒരു തവണ വാടകക്കാരനായ ആൾ നിയമപരമായ വാടകക്കാരനായി തുടരുമെന്നും ആയതിനാൽ ഓരോ തവണ ലൈസൻസ് പുതുക്കുന്നതിനും കെട്ടിട ഉടമയുടെ സമ്മതപത്രം ആവശ്യപെടുവാൻ സാധിക്കുകയില്ലെന്നുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണലിന്റെ 21.03.2011-ലെ ഉത്തരവ് ബഹു.സുപ്രീം കോടതിയുടെ 05.07.2016-ലെ സിവിൽ അപ്പീൽ നമ്പർ 5435/2016 പ്രകാരം സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുണ്ടെന്നും, ടി ജീവനക്കാരെ കുറ്റവിമുക്തരാക്കാമെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ശ്രീ. ഷവീൺ, ശ്രീ. കെ.വി. പ്രദീപ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോടതി ഉത്തരവുകളുടെ വെളിച്ചത്തിൽ പരിശോധിച്ചതിൽ വ്യാപാര ലൈസൻസിന് വേണ്ടി ഉടമയുടെ സമ്മതപത്രം ഇല്ലാതെ അന്വേഷണം നടത്തി 2013-14 വർഷത്തെ ലൈസൻസ് പുതുക്കി നൽകാവുന്നതാണെന്ന് ശുപാർശ ചെയ്ത കുറ്റാരോപിതരുടെ ഭാഗത്തു വീഴ്ച ഉണ്ടായതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ മുൻ എൽ.ഡി. ക്ലാർക്കായ ശ്രീ.ഷവീൺ, മുൻ സീനിയർ ക്ലാർക്ക് ശ്രീ.വി.കെ.പ്രദീപ് എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. ഷവീൺ, മുൻ എൽ.ഡി. ക്ലാർക്ക്, ഉളിക്കൽ ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. ശ്രീ. കെ.വി. പ്രദീപ്, മുൻ സീനിയർ ക്ലാർക്ക്, ഉളിക്കൽ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്

6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി2/620/2019-വിജി. തീയതി 17.12.2019 പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/459/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature Valid
Digitally signed by SUDHEER S S
Date: 2020.11.05 [illegible]:10 IST
Reason: Approved

സെക്ഷൻ ഓഫീസർ